# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1055

02.12.2015 ലെ മറുപടിയ്ക്ക്

## ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

| ചോദ്യം<br>**ശ്രീ.ജോസഫ് വാഴയ്ക്കൻ**<br>**ശ്രീ.വർക്കല കഹാർ**<br>**ശ്രീ.പി.സി വിഷ്ണനാഥ്**<br>**ശ്രീ.ലൂഡി ലൂയിസ്** | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ, പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | നടപ്പ വർഷം ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നടപ്പാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) | ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നടത്തിപ്പിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 2015 ഡിസംബർ 1 മുതൽ 2016 ജനുവരി 15 വരെയുള്ള കാലയളവിൽ നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം 2015 ഡിസംബർ 1 ന് കൊല്ലത്ത് ബഹു.മുഖ്യമന്ത്രി നിർവഹിക്കുന്നതാണ്. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | ബി) | കേരളത്തിന്റെസ്വന്തമായ വ്യപാരോത്സവത്തിലൂടെ സംസ്ഥാനത്തിനെ ഒരു വ്യാപാര കേന്ദ്രമാക്കി മാറ്റാനും, ഒരു രണ്ടാം വ്യാപാരകാലയളവ് സൃഷ്ടിക്കാനും വേണ്ടിയാണ് ജി.കെ.എസ്.എഫ് സംഘടിപ്പിച്ച് വരുന്നത്. ഓൺലൈൻ വ്യാപാര രംഗത്തെ ശക്തമായ ഇടപെടലിനെ അതിജീവിച്ച് സംസ്ഥാനത്തെ വ്യാപാരികൾക്ക് അവരുടെ സ്ഥാപനത്തിലേക്ക് കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കാനും ഈ വ്യാപരോത്സവം ലക്ഷ്യമിടുന്നു. |
| സി) | പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിശദമാക്കുമോ; | സി) | ഇതിനായി സർക്കാർ 15 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഫെസ്റ്റിവലിന്റെ നിർവാഹക സമിതിയുടെ നിർദ്ദേശമനുസരിച്ച് വ്യാപാര സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടന്നു വരുന്നു. എല്ലാ വ്യാപാരിസംഘടനകളുടേയും പിൻതുണ ഇത്തവണ ജി.കെ.എസ്.എഫിന് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ